REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 04-02-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തിൽ നന്ദിപ്രമേയ ചർച്ച പാർലമെന്റിന്റെ ഇരുസഭകളിലും ഇന്നും തുടരും.**
- **ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പ് നാളെ.**
- **ഇന്ന് ലോക കാൻസർ ദിനം. ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത്.**
- **KSRTCയിൽ ഒരു വിഭാഗം ജീവനക്കാരുടെ പണിമുടക്ക് ആരംഭിച്ചു.**
- **ദേശീയ ഗെയിംസിൽ കേരളത്തിന് ഇന്നലെ രണ്ട് വെള്ളിമെഡൽ.**

## വാർത്തകൾ വിശദമായി

രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തിൽ നന്ദിപ്രമേയ ചർച്ച പാർലമെന്റിന്റെ ഇരുസഭകളിലും ഇന്നും തുടരും. ഇന്നലെ ലോക്സഭയിൽ BJP എം.പി രാംവീർ സിംഗ് ബിധുരിയും രാജ്യസഭയിൽ BJP അംഗം കിരൺ ചൗധരിയുമാണ് നന്ദി പ്രമേയ ചർച്ചയ്ക്ക് തുടക്കമിട്ടത്.

ഡെസ്ക് റിപ്പോർട്ട്.

........വോയ്സ്...........

ലോക്സഭയിൽ നന്ദിപ്രമേയം അവതരിപ്പിച്ച രാംവീർ സിംഗ് ബിധുരി ജനക്ഷേമ പദ്ധതികൾ ഉൾപ്പെടെ നരേന്ദ്ര മോദി ഗവൺമെന്റിന്റെ നേട്ടങ്ങൾ എടുത്തു പറഞ്ഞു. മഹാകുംഭമേള പരാമർശിക്കുമ്പോഴെല്ലാം കോൺഗ്രസ് അസ്വസ്ഥതമാവുകയാണെന്ന് നയപ്രഖ്യാപന പ്രസംഗത്തെ അനുകൂലിച്ച BJP

എംപി രവിശങ്കർ പ്രസാദ് ആരോപിച്ചു, ഇതുവരെ 35 കോടി ആളുകൾ പരിപാടിയിൽ പങ്കെടു ത്തതായി അദ്ദേഹം പറഞ്ഞു.

രാജ്യത്തിന്റെ ഭാവിയുവാക്കളിലാണെന്നും തൊഴിലില്ലായ്മ ഉൾപ്പടെ വിഷയങ്ങൾക്കാണ് മുൻഗണന നൽകേണ്ടതെന്നും നയപ്രഖ്യാപന പ്രസംഗത്തെ എതിർത്ത ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി പറഞ്ഞു. രാജ്യത്തിന്റെ ഭാവി യുവാക്കളെ ആശ്രയിച്ചാണെന്നും തൊഴിലില്ലായ്മ ആശങ്കാജനകമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

രാജ്യം എല്ലാ അർത്ഥത്തിലും വികസിത ഭാരതത്തിലേക്ക് നീങ്ങുകയാണെന്ന് രാജ്യസഭയിൽ നന്ദി പ്രമേയ ചർച്ചയ്ക്ക് തുടക്കമിട്ട BJP അംഗം കിരൺ ചൗധരി പറഞ്ഞു. തൊഴിലില്ലായ്മ, അവശ്യസാധനങ്ങളുടെ വിലക്കയറ്റം, US ഡോളറിനെതിരെ ഇന്ത്യൻ രൂപയുടെ മൂല്യ തകർച്ച തുടങ്ങിയ വിഷയങ്ങൾ കോൺഗ്രസ് നേതാവ് മല്ലികാർജുൻ ഖാർഗെ ചർച്ചയിൽ ഉന്നയിച്ചു.

✪✪✪

ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പ് നാളെ. 70 അംഗ നിയമസഭയിലേക്ക് തെരഞ്ഞെടുപ്പിന് എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഒരുലക്ഷത്തി 80,000-ത്തിൽ പരം ഉദ്യോഗസ്ഥരെ തെരഞ്ഞെടുപ്പ് ജോലികൾക്ക് നിയമിച്ചിട്ടുണ്ട്.

രാവിലെ ഏഴ് മുതൽ വൈകിട്ട് ആറ് വരെയാണ് വോട്ടെടുപ്പ്. ഒരുകോടി 56-ലക്ഷത്തിലേറെ വോട്ടർമാർ 699 സ്ഥാനാർത്ഥികളിൽ നിന്ന് സ്വന്തം പ്രതിനിധികളെ തെരഞ്ഞെടുക്കും. ശനിയാഴ്ച ആണ് വോട്ടെണ്ണൽ.

തെരഞ്ഞെടുപ്പ് പ്രചാരണം ഇന്നലെ വൈകിട്ട് സമാപിച്ചു. കണക്കിൽ പെടാത്ത പണവും മദ്യവും മയക്കുമരുന്നുകളും പ്രചാരണ കാലത്ത് വൻതോതിൽ പിടികൂടി. 220 കോടിയോളം രൂപയുടെ സാധനങ്ങളാണ് ഇത്തരത്തിൽ പിടിച്ചെടുത്തതെന്ന് കമ്മീഷൻ കേന്ദ്രങ്ങൾ പറഞ്ഞു.

✪✪✪

പ്രചാരത്തിലിരിക്കുന്ന 2000 രൂപ നോട്ടുകളുടെ ആകെ മൂല്യം കഴിഞ്ഞ മാസം 31ന് 6,577 കോടി രൂപയായി കുറഞ്ഞെന്ന് റിസർവ് ബാങ്ക് അറിയിച്ചു. 2023 മെയ് മാസത്തിൽ പ്രചാരത്തിലുണ്ടായിരുന്ന മൂന്ന് ലക്ഷത്തി 56,000 കോടി രൂപയുടെ കറൻസി നോട്ടുകളിൽ 98.15 ശതമാനവും തിരിച്ചെത്തിയതായി RBI അറിയിച്ചു. ഇന്ത്യ പോസ്റ്റ് വഴി റിസർവ് ബാങ്ക് ഇഷ്യൂ ഓഫീസുകളിൽ നിന്ന് ഇപ്പോഴും നോട്ടുകൾ മാറ്റിവാങ്ങാൻ കഴിയുമെന്ന് അറിയിപ്പിൽ പറയുന്നു.

✪✪✪

ജമ്മു കശ്മീർ വിഷയത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഇന്ന് ന്യൂഡൽഹിയിൽ സുരക്ഷാ അവലോകന യോഗം ചേരും. യോഗത്തിൽ ജമ്മു കശ്മീർ ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ, ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻ, ഐബി, റോ തുടങ്ങിയ കേന്ദ്ര ഏജൻസികളുടെ മേധാവികൾ, മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

ഇന്ന് ലോക കാൻസർ ദിനം. കാൻസറിനെക്കുറിച്ച് അവബോധം വളർത്തുന്നതിനും പ്രതിരോധം, രോഗം കണ്ടെത്തൽ, ചികിത്സ എന്നിവ പ്രോത്സാഹിപ്പിക്കു ന്നതിനുമായാണ് എല്ലാ വർഷവും ഐക്യരാഷ്ട്രസഭ, ഫെബ്രുവരി 4 ലോക കാൻസർ ദിനമായി ആചരിക്കുന്നത്.

2000 ഫെബ്രുവരി 4 ന് പാരീസ് ലോക കാൻസർ ഉച്ചകോടിയിലാണ് ലോക കാൻസർ ദിനം തീരുമാനിച്ചത്. കാൻസറുമായി ബന്ധപ്പെട്ട രോഗങ്ങളും മരണങ്ങളും ഗണ്യമായി കുറയ്ക്കുക എന്നതാണ് ലോക കാൻസർ ദിനത്തിന്റെ പ്രാഥമിക ലക്ഷ്യം. 2025 മുതൽ 2027 വരെ വർഷങ്ങളിലെ പ്രമേയം 'യുണൈറ്റഡ് ബൈ യുണീക്ക്' എന്നതാണ്.

✪✪✪

ലോക ക്യാൻസർ ദിനത്തോടനുബന്ധിച്ച്, സംസ്ഥാന ആരോഗ്യ വകുപ്പിന്റെ 'ആരോഗ്യം ആനന്ദം - അകറ്റാം അർബുദം' ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം വൈകിട്ട് തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഒരു വർഷം നീളുന്ന പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

ആദ്യഘട്ട ക്യാമ്പെയിൻ സ്ത്രീകൾക്ക് വേണ്ടിയാണ്. BPL വിഭാഗക്കാർക്ക് പൂർണമായും സൗജന്യമായിട്ടായിരിക്കും പരിശോധന.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി. ജഗന്നിവാസൻ.

(വോയ്സ് .........)

✪✪✪

കാൻസർ രോഗമില്ല എന്ന് ഉറപ്പാക്കുകയാണ് ക്യാമ്പെയിനിന്റെ ലക്ഷ്യം എന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. എല്ലാ താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, റീജിയണൽ കാൻസർ സെന്ററുകൾ, ചില സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിൽ

സ്ക്രീനിങ്ങിനായി പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടെന്നും വീണാ ജോർജ് അറിയിച്ചു.

✪✪✪

വനിതാ കാൻസർ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി ഇന്ന് ആലപ്പുഴ ജില്ലയിൽ പിങ്ക് വാക്കത്തോൺ സംഘടിപ്പിക്കും. രാവിലെ ജില്ലാ കളക്ടറേറ്റിൽ നിന്നാരംഭിച്ച് ജെൻഡർ പാർക്കിൽ സമാപിക്കുന്ന വാക്കത്തോൺ ജില്ലാ കളക്ടർ അലക്സ് വർഗീസ് ഫ്ളാഗ് ഓഫ് ചെയ്യും.

✪✪✪

KSRTCയിൽ INTUC യൂണിയനുകളുടെ കൂട്ടായ്മ, ട്രാൻസ്പോർട്ട് ഡെമോക്രാറ്റിക് ഫെഡറേഷന്റെ 24 മണിക്കൂർ പണിമുടക്ക് കഴിഞ്ഞ അർദ്ധരാത്രി ആരംഭിച്ചു. 12 പ്രധാന ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം. എല്ലാ മാസവും അഞ്ചിനു മുൻപ് ശമ്പളം നൽകുമെന്ന് മുഖ്യമന്ത്രിയും ഗതാഗത മന്ത്രിയും പ്രഖ്യാപിച്ചെങ്കിലും ഇപ്പോഴും ശമ്പളം വൈകുന്നതാണ് സമരത്തിന്റെ പ്രധാന കാരണം.

ഡയസ്നോൺ ഏർപ്പെടുത്തി പണിമുടക്ക് അട്ടിമറിക്കാനാവില്ലെന്നും പ്രശ്നപരിഹാരം ഉണ്ടാകുന്നതുവരെ ശക്തമായ സമരപരിപാടികളുമായി മുന്നോട്ടു പോകുമെന്നും TDF സംസ്ഥാന പ്രസിഡൻറ് തമ്പാനൂർ രവിയും വർക്കിംഗ് പ്രസിഡണ്ട് M വിൻസെന്റും ജനറൽ സെക്രട്ടറി VS ശിവകുമാറും അറിയിച്ചു.

TDFന്റെ പണിമുടക്ക് കോർപ്പറേഷനെ നശിപ്പിക്കുന്ന തീരുമാനമാണെന്ന് മന്ത്രി KB ഗണേഷ് കുമാർ പറഞ്ഞു. ജീവനക്കാർ പണിമുടക്കിൽ പങ്കെടുക്കരുതെന്നും മന്ത്രി ആവശ്യപ്പെട്ടു.

✪✪✪

KSRTC ഡ്രൈവിംഗ് സ്കൂൾ ഇതുവരെ 27 ലക്ഷത്തിൽ പരം രൂപ ലാഭം ഉണ്ടാക്കിയതായി മന്ത്രി KB ഗണേഷ് കുമാർ അറിയിച്ചു. തിരുവനന്തപുരം വിതുരയിൽ ടൂറിസ്റ്റ് ഹബ്ബും ഡ്രൈവിംഗ് സ്കൂളും ഉൾപ്പെടെ പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

വിതുര- ഗുരുവായൂർ സ്ലീപ്പർ ഫാസ്റ്റ് പാസഞ്ചർ സർവീസും, വിതുര-പൊന്മുടി സർവീസും ടൂറിസം ഹബ്ബ് പദ്ധതിയിൽ ആരംഭിച്ചിട്ടുണ്ട്.

✪✪✪

റവന്യൂ വകുപ്പിൽ അഴിമതി വെച്ചുപൊറുപ്പിക്കില്ലെന്ന് മന്ത്രി K രാജൻ പറഞ്ഞു. കൈക്കൂലി കേസുകളിൽ പിടിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ മുഖം നോക്കാതെ നടപടി എടുക്കും. കോഴിക്കോട്ട് റവന്യൂ മേഖലാതല അവലോകന യോഗത്തിലാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. അഴിമതി കേസുകളിൽ രണ്ട് മാസത്തിനകം അന്വേഷണം പൂർത്തിയാക്കും. കുറ്റക്കാരെ സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതടക്കം കർശന നടപടി എടുക്കുമെന്നും സർവ്വീസ് ചട്ടങ്ങളിൽ ഇതിനാവശ്യമായ ഭേദഗതി കൊണ്ടുവരുന്നത് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുമെന്നും മന്ത്രി പറഞ്ഞു.

ഭൂമിയുടെ തരംമാറ്റൽ ഉൾപ്പെടെ അപേക്ഷകൾക്ക് ഏജന്റുമാരെ ആശ്രയിക്കുന്ന സ്ഥിതി പ്രോത്സാഹിപ്പിക്കില്ലെന്നും മന്ത്രി അറിയിച്ചു.

✪✪✪

കേരളത്തിന്റെ റെയിൽവേ വികസനത്തിന് കുതിപ്പേകുന്ന നടപടിയാണ് 3,042 കോടി രൂപ ബജറ്റുവിഹിതം അനുവദിച്ച നടപടിയെന്ന് BJP സംസ്ഥാന പ്രസിഡന്റ് K സുരേന്ദ്രൻ പറഞ്ഞു. നിലമ്പൂർ - നഞ്ചൻകോട് പാതയും, ശബരി പാതയും യാഥാർത്ഥ്യമാക്കാൻ കേന്ദ്രം പ്രതിജ്ഞാബദ്ധമാണ്. എന്നാൽ ഇക്കാര്യത്തിൽ സംസ്ഥനത്തിന്റെ ഭാഗത്തുനിന്ന് കാര്യമായ നടപടി ഉണ്ടാകുന്നില്ലെന്ന് അദ്ദേഹം തിരുവനന്തപുരത്ത് കുറ്റപ്പെടുത്തി.

മോദി ഗവൺമെന്റ് അധികാരമേറ്റ ശേഷം 125 കിലോമീറ്റർ പാത നിർമ്മിക്കുകയും, 493 കിലോമീറ്റർ പാത വൈദ്യുതീകരി ക്കുകയും ചെയ്തു. 12,350 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന എട്ട് പുതിയ പദ്ധതികൾക്ക് സംസ്ഥാനത്ത് റെയിൽവേ തുടക്കമിട്ടതായും സുരേന്ദ്രൻ അറിയിച്ചു.

✪✪✪

ഉത്തരാഖണ്ഡിൽ 38-ാമത് ദേശീയ ഗെയിംസിൽ കേരളത്തിന് ഇന്നലെ രണ്ട് വെള്ളിമെഡൽ നേട്ടം. നീന്തലിൽ 200 മീറ്റർ വ്യക്തിഗത മെഡ്‌ലെ വിഭാഗത്തിൽ സാജൻ പ്രകാശും, 15 കിലോമീറ്റർ സ്ക്രാച്ച് റേസിൽ അദ്വൈത് ശങ്കറുമാണ് വെള്ളി നേടിയത്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

........വോയ്സ്.........

വനിതകളുടെ വാട്ടർ പോളോ ഇനത്തിലും, 4x100 മീറ്റർ ഫ്രീ സ്റ്റൈൽ നീന്തൽ റിലേയിലും കേരളം ഫൈനലിൽ പ്രവേശിച്ചു. വനിതകളുടെ വാട്ടർപോളോ ഫൈനൽ ഇന്നാണ്.

പുരുഷ വിഭാഗം ഫുട്ബോളിൽ സർവീസസിനെ എതിരില്ലാത്ത മൂന്ന് ഗോളിന് തോൽപ്പിച്ച് കേരളം സെമിയിൽ എത്തുകയും ചെയ്തു. സെമിയിൽ നാളെ കേരളം അസമിനെ നേരിടും.

3X3 പുരുഷ-വനിതാ ബാസ്ക്കറ്റ്ബോളിൽ കേരളം ഫൈനലിൽ എത്തി. ഫൈനലിൽ പുരുഷ ടീം മധ്യപ്രദേശിനെയും വനിതകൾ തെലങ്കാനയേയും നേരിടും.

മെഡൽ പട്ടികയിൽ കർണാടകയാണ് ഒന്നാം സ്ഥാനത്ത്. സർവീസസ് രണ്ടാം സ്ഥാനത്തും മഹാരാഷ്ട്ര മൂന്നാം സ്ഥാനത്തുമാണ്. ആറ് സ്വർണവും അഞ്ചു വെള്ളിയും നാല് വെങ്കലവുമായി കേരളം പട്ടികയിൽ പതിനൊന്നാമതാണ്.

✪✪✪

ISL ഫുട്ബോളിൽ ഒഡീഷ FC - നോർത്ത് ഈസ്റ്റ് യുണൈറ്റഡ് FC മത്സരം സമനിലയിൽ പിരിഞ്ഞു. ഭുവനേശ്വറിൽ ഇരു ടീമുകളും രണ്ട് ഗോളുകൾ വീതം നേടി.

അടുത്ത മത്സരം നാളെയാണ്. മോഹൻ ബഗാൻ സൂപ്പർ ജയന്റ്, പഞ്ചാബ് FC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് കൊൽക്കത്തയിലാണ് മത്സരം.

✪✪✪

ദ്രോണാചാര്യ അവാർഡ് നേടിയ ബാഡ്മിന്റൺ കോച്ച് S മുരളീധരന് കോഴിക്കോട്ട് സ്പോർട്സ് കൗൺസിൽ സ്വീകരണം നൽകി. ചടങ്ങിൽ ബാഡ്മിന്റൺ അക്കാദമി അദ്ദേഹം ഉദ്ഘാടനം ചെയ്തു. ജൻമദിന സമ്മാനമായാണ് പുരസ്കാരത്തെ കാണുന്നതെന്ന് മുരളീധരൻ പറഞ്ഞു.

✪✪✪

ജനുവരിയിലെ റേഷൻ വിതരണം നാളെ വരെ നീട്ടിയതായി മന്ത്രി GR അനിൽ അറിയിച്ചു. മാസാന്ത്യ കണക്കെടുപ്പുമായി ബന്ധപ്പെട്ട് വ്യാഴാഴ്ച റേഷൻ വ്യാപാരികൾക്ക് അവധിയായിരിക്കും. ഈ മാസത്തെ റേഷൻ വിതരണം വെള്ളിയാഴ്ച ആരംഭിക്കും.

✪✪✪

തിരുവല്ല കടപ്രയിൽ ഉല്ലാസയാത്രയ്ക്കിടെ ചങ്ങാടം മറിഞ്ഞ് യുവാവ് മരിച്ചു. കടപ്ര സ്വദേശി രതീഷ് കുമാർ ആണ് മരിച്ചത്. ഇന്നലെ വൈകിട്ട് പമ്പയാറ്റിൽ വളഞ്ഞവട്ടം ഉപദേശിക്കടവിന് സമീപത്തായിരുന്നു അപകടം.

✪✪✪

CPIM ഇടുക്കി ജില്ലാ സമ്മേളനത്തിന് തൊടുപുഴയിൽ തുടക്കമായി.

തൊടുപുഴ  കോടിയേരി ബാലകൃഷ്ണൻ നഗറിൽ രാവിലെ പാർട്ടി സംസ്ഥന സെക്രട്ടറി MV ഗോവിന്ദൻ പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്യും. പൊതുസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സമാപനത്തിന് മുമ്പ് ചുവപ്പുസേനാ മാർച്ചും സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

തൊടുപുഴ താലൂക്ക്തല കരുതലും കൈത്താങ്ങും അദാലത്ത് തൊടുപുഴ മർച്ചന്റ് ട്രസ്റ്റ് ഹാളിൽ ഉച്ചക്ക് ആരംഭിക്കും.  അദാലത്തിന് മന്ത്രിമാരായ റോഷി അഗസ്റ്റിനും  VN വാസവനും  നേതൃത്വം നൽകും. PJ ജോസഫ് MLA അധ്യക്ഷനായിരിക്കും.

✪✪✪

*News Editor: പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*Casual News Reader: നിമിഷ ജി*
*DEO: സുബോധ് സി കെ*